# എവിടെ,യെവിടെ ഇടശ്ശേരി?

ഡോ. കെ.കെ. ഹിരണ്യൻ

'വരേണ്ടതും വരാൻ പോകുന്നതുമായ മാറ്റങ്ങളെ ദൂരത്തുനിന്നു കണ്ടറിഞ്ഞ ക്രാന്തദർശിയത്രെ ഇടശ്ശേരി. അദ്ദേഹത്തിന്റെ ഓരോ ചലനവും തന്റെ മണ്ണിനോടും കാലഘട്ടത്തോടും എത്രയും ബ ന്ധപ്പെട്ടതായിരുന്നു, സ്വന്തം വേദനകളെ കടിച്ചിറക്കിക്കൊണ്ട് അദ്ദേഹം മറ്റുള്ളവരുടെ സുഖത്തി നുവേണ്ടി പ്രവർത്തിച്ചു; കർമത്തിലൂടെയും കവിതയിലൂടെയും. അടുത്തു പെരുമാറിയ ആർക്കും അദ്ദേഹത്തെ ചൂണ്ടിക്കാട്ടി സധൈര്യം പറയാമായിരുന്നു - ഇതാ ഒരു കവി!' - വി.ടി. ഭട്ടതിരിപ്പാ ട്.

ഇടശ്ശേരി മരിച്ചിട്ട് ഇരുപത്തിമൂന്ന് വർഷം തികയുന്നു. 1974 ഒക്ടോബർ 16-ാം തിയ്യതി കാലത്ത് പ്രാതലിനിടയിൽ ഇടശ്ശേരി ജീവിതയാത്ര മുഴുമിപ്പിച്ചു. വാർത്തകേട്ട് പൊന്നാനിയിലേക്കോടിയെ ത്തി ആചാര്യപാദങ്ങളിൽ 'കേതു പൂണ്ട പതാക പോലെ' നിപതിച്ച സംഭവം അക്കിത്തം ഒരു ക വിതയിൽ അനുസ്മരിക്കുന്നുണ്ട് ('പ്രണതബാഷ്പം', മാനസപൂജ). നരകാഗ്നി താണ്ടിയ നാളുക ളിലും മിഴിനീരൊലിക്കാ തീണ്ടാതെ ചിരിച്ച ഇടശ്ശേരിയുടെ വലിയ മനസ്സിനെ അക്കിത്തം ഈ ചെ റുകവിതയിൽ വ്യഞ്ജിപ്പിക്കുന്നു; ഇടശ്ശേരിയും താനുമായുള്ള ഗുരുശിഷ്യബന്ധം 'പത്മപാദൻ' എന്ന കവിതയിലും അക്കിത്തം സൂചിപ്പിക്കുന്നുണ്ട്. വിഷ്ണുനാരായണൻ നമ്പൂതിരി ('പാതിരാ മൊഴി'), സച്ചിദാനന്ദൻ ('ഇടശ്ശേരി'), എം. ഗോവിന്ദൻ ('ഇടശ്ശേരി നിനവിൽ വരുമ്പോൾ'), കടവനാ ട്ട് കുട്ടികൃഷ്ണൻ ('ചിതയ്ക്ക് മുൻപിൽ'), പുനലൂർ ബാലൻ ('തിലാഞ്ജലി'), പുലാക്കാട്ട് രവീന്ദ്രൻ ('കരിമ്പൂതം')- എന്നിവരും ഇടശ്ശേരിയുടെ ഓർമയ്ക്കുമുന്നിൽ കവിതകളിലൂടെ സ്മരണാഞ്ജലി യർപ്പിച്ചവരാണ്. പിൻമുറക്കാർ ഏറ്റവും ആദരപൂർവ്വം ഓർക്കുന്ന കവിയാണ് ഇടശ്ശേരി എന്നതി ന് ഈ കവിതകൾതന്നെ തെളിവ്. കലുഷമായ ഈ കാലസന്ധിയിൽ ഇടശ്ശേരിയൻ ദർശനം നമ്മു ടെ കവികൾക്ക് ആത്മീയമായ ശക്തി പകരാൻ സഹായിക്കുന്നു. വഴിയറിയാത്തവന് വഴികാട്ടിയാ യി, ദിക്കറിയാത്തവന് ദിശാസൂചിയായി, തലമുറകളിലേക്ക് വെളിച്ചം വീശുന്ന ദർശനമായി, വ്യക്തി എന്നതിലുപരി ഒരാദർശമായി ഇടശ്ശേരി ഈ കവിതകളിൽ വിരിയുന്നു.

## ചരിത്രത്തിന്റെ വെയിൽച്ചിറക്

കെ.ജി. ശങ്കരപ്പിള്ളയുടെ 'ഒടിച്ചു മടക്കിയ ആകാശം' എന്ന കവിതയിലെ അവസാന ഖണ്ഡത്തിൽ പക്ഷികളുടെ പ്രതീകാത്മക രൂപത്തിൽ ഉയിർത്തെഴുന്നേല്ക്കുന്ന മലയാള കവികളുടെ ഒരു നീണ്ട പട്ടികയുണ്ട്. നമ്മുടെ കവികളുടെ ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ വ്യത്യസ്തമായ സ്വ ത്വബോധത്തെ പുനർനിർവചിക്കുകയാണ് ഈ പ്രതീക കല്പനകൾ. 'ആശാനിൽനിന്ന് ചിന്തിക്കു ന്ന കുയിൽ. ഇടശ്ശേരിയിൽനിന്നു വെയിൽത്തൂവൽ.' വെയിൽച്ചിറകിലൂടെ ചരിത്രസഞ്ചാരങ്ങൾ ന ടത്തിയ കവിയായിരുന്നു ഇടശ്ശേരി. ഇടശ്ശേരിക്കവിതയിലെ കാർഷികാനുഭവത്തിലേക്കും ആ ക വിതകളിലുടനീളം പടർന്നുനില്ക്കുന്ന അധ്വാനത്തിന്റെ സൗന്ദര്യശാസ്ത്രത്തിലേക്കും ഈ രൂപ കം ചില ഉൾക്കാഴ്ചകൾ തുറന്നിടുന്നു.

## കവിതയുടെ പരുക്കൻ വഴികൾ

കവിതയിൽനിന്ന് എന്തുവായിക്കണം? ഇടശ്ശേരിയുടെ ഓരോ രചനയും ഈ പ്രശ്നം മുന്നോ ട്ടുവെക്കുന്നുണ്ട്. കവിതയുടെ മൂല്യത്തെക്കുറിച്ചും ധർമത്തെക്കുറിച്ചും ചിന്തിക്കാൻ പ്രേരിപ്പിക്കു ന്ന 'കാവ്യപഠനകേന്ദ്രങ്ങ'ളാണ് ഇടശ്ശേരിക്കവിതകൾ എന്നു പറയാം. ചരിത്രത്തെയും സംസ്കാ രത്തെയും കാവ്യപാഠത്തിലേക്ക് ഇടശ്ശേരി ഉൾക്കൊള്ളിക്കുന്നു. അനുഭൂതിയുടെ തലത്തിൽ ഐ ന്ദ്രിയതയിലൂന്നുന്ന കാല്പനിക ഭാവുകത്വത്തിൽ നിന്നുള്ള വ്യതിയാനം ഈ കവിതകളിലാണ് നാം ആദ്യം കാണുന്നത്. വശീകരണ തന്ത്രങ്ങളെ ചെറുക്കുന്ന പുതിയൊരു കാവ്യപ്രത്യയശാസ്ത്രത്തി ന് ഇടശ്ശേരിക്കവിതകൾ തുടക്കമിട്ടു. അലങ്കാര വൈമുഖ്യമാണ് ആ കവിതകളിലെ സവിശേഷത. അനലംകൃതമായ ഗ്രാമീണത എന്ന് ആ കവിതാരീതിക്ക് പേരിടാം. അതുവരെ മലയാള കവിത മൃ ദുപ്രതലങ്ങളിലൂടെ മാത്രം സഞ്ചരിക്കുകയായിരുന്നു. രചനയുടെ സുഖശയ്യയിൽ അത് ആനന്ദി ച്ചു. പരുക്കൻ വഴികളിലൂടെയും കവിതയ്ക്കു പോകാം എന്നു നമ്മെ പഠിപ്പിച്ചു തന്നതാണ് ഇടശ്ശേ രിക്കവിതയുടെ ചരിത്രസാംഗത്യം - പൂതപ്പാട്ടിൽ ഉണ്ണി പോകുന്ന വഴികൾ പോലെ മൊട്ടപ്പാറകൾ നിറഞ്ഞതും ദുർഘടവുമാണ് കവിതയിലേക്കുള്ള വഴികൾ; ഇടശ്ശേരിക്കവിതയിലേക്കുള്ള വഴികൾ

പ്രത്യേകിച്ച് 'കുന്നിൻ ചെരിവിലെ കൂർത്ത കല്ലി'ലൂടെയാണ് അമ്മ ഉണ്ണിയെ തേടി നടക്കുന്നത്. 'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിൽ ദാരുകൻ തേരുരുൾ പായിക്കുന്നത് നിമ്നോന്നതമായ വഴിയിലൂടെയാണ്.

## ഗ്രാമീണന്റെ വാസ്തുശില്പം

ഗ്രാമത്തിൽ ഗൃഹാതുരത്വം നിറഞ്ഞ ഓർമകളല്ല, വർത്തമാനകാല ചരിത്രത്തിന്റെ സാക്ഷ്യങ്ങളാണ് ഇടശ്ശേരിക്കവിതയിൽ കാണാൻ കഴിയുക. ആധുനികമായ ഒരു ആഖ്യാനരീതി ഈ കവിതകളിലൂടെ അവതരിപ്പിക്കപ്പെട്ടു. ഒരു സംഭവത്തെ അതിന്റെ എല്ലാ സങ്കീർണതകളോടുംകൂടി സംഘർഷഭരിതമായി അവതരിപ്പിക്കുന്ന ആഖ്യാനരീതിയാണത്. അപഗ്രഥനാത്മകമായ ആഖ്യാനരൂപങ്ങൾ ആണ് ഇടശ്ശരിക്കവിതകൾ എന്നു പറയാം. ഭാവഗീതത്തിന്റെ ലയാത്മകമായ രീതിയിൽനിന്നു വ്യത്യസ്തമായി നാടകീയമായ ആഖ്യാനതന്ത്രത്തിന്റെ നവീകൃത രൂപങ്ങൾ ഇടശ്ശേരി കവിതയിലൂടെ വീണ്ടെടുത്തു. വള്ളത്തോൾ പാരമ്പര്യത്തിൽ നിന്നും ചങ്ങമ്പുശ്ശൈലിയിൽനിന്നും തന്റെ സ്വരം വേറിട്ടു കേൾപ്പിക്കാൻ അങ്ങനെയാണ് സാധിച്ചത്. കവിതയിൽ ഒരു തിയേറ്റർ സൃഷ്ടിക്കുകയായിരുന്നു ഇടശ്ശേരി. കവിതയിലെ പ്രമേയവും രാഷ്ട്രീയ - സാംസ്കാരിക - സന്ദർഭവും തമ്മിലുള്ള സംവാദമായി കവിത മാറി. ചെറ്റക്കുടിലിന്റെ, ഗ്രാമീണന്റ വാസ്തുശില്പത്തെ കവിതയുടെ ശബ്ദശില്പമാക്കി മാറ്റുകയാണ് ഇടശ്ശേരി ചെയ്തത്.

## കവിതയിലെ ബഹുസ്വരത

കവിത ഒരു ധൈഷണിക വൃത്തിയാണെന്ന് ഇടശ്ശേരിക്കവിതകൾ ഉദാഹരിക്കുന്നു. ചരിത്രപരവും സാംസ്കാരികവും യുക്തിപരവും ബുദ്ധിപരവുമായ വാക്കുകൾകൊണ്ടാണ് ഈ കവി കവിത ചമച്ചത്. ചരിത്രജ്ഞാന ബലം ഇടശ്ശേരിയിലുണ്ട്. ഒപ്പം നടന്ന അന്നത്തെ മറ്റു കവികളിൽ നിന്ന് ഇടശ്ശേരിയെ വ്യത്യസ്തനാക്കിയത് ഈ ജ്ഞാനബലമാണ്. തെറ്റുകളെയും പാപകർമങ്ങളെയും കുറ്റബോധത്തോടെ ആദർശവൽക്കരിക്കുന്ന കുഞ്ഞിരാമൻ നായരിൽ നിന്നും കെട്ട ജീവിതത്തെ രോഗഗ്രസ്തമായ രീതിയിൽ നോക്കിക്കാണുന്ന വൈലോപ്പിള്ളിയിൽ നിന്നും ഇടശ്ശേരിയൻ ദർശനം അകലം പാലിക്കുന്നു. ജീവിതത്തെക്കുറിച്ച്, സമൂഹത്തെക്കുറിച്ച് ആരോഗ്യപൂർണ്ണമായ കാഴ്ചപ്പാട് അത് അവതരിപ്പിക്കുന്നു. ചരിത്രജ്ഞാനത്തോടൊപ്പം അനുഭവജ്ഞാനത്തോടും ഇടശ്ശേരി കൂറുപുലർത്തി. പുസ്തകജ്ഞാനത്തെ പലപ്പോഴും അത് നിഷേധിച്ചു. അനുഭവജ്ഞാനമായിരുന്നു പ്രധാനം. യാഥാർത്ഥ്യത്തിന്റെ പ്രശ്നമുഖങ്ങളിലാണ് ഈ കവി കവിത കണ്ടെത്തിയത്. പരിഹാര തീരങ്ങൾ ആ കവിത കാണിച്ചുതരുന്നില്ല. കവിതയുടെ ഈ പരിമിതി തിരിച്ചറിഞ്ഞ ഒരാൾക്കേ 'നീയെന്തായ്ത്തീരണം ആ മുകുളം നിന്നിലേ നിന്നു വിരിഞ്ഞിടട്ടേ.' എന്നു പുതു തലമുറയോട് ആശംസിക്കാൻ കഴിയൂ. ('പള്ളിക്കൂടത്തിലേക്ക് വീണ്ടും')

കാല്പനികതയുടെ വ്യക്തികേന്ദ്രവും യാന്ത്രികവുമായ ഏകസ്വരതയെ സമൂഹത്തിന്റെ ബഹുസ്വരതയാക്കി കവിതയിൽ പരിവർത്തിപ്പിക്കുകയാണ് 'ശക്തിയുടെ കവി' ചെയ്തത്. ഒരൊറ്റ വഴിയോ ശരിയോ അല്ല അനേകം വഴികളും ശരികളും ഈ കവിതകൾ കാണിച്ചുതരുന്നു. ഗാന്ധിയൻ ദർശനവും മാർക്സിയൻ ദർശനവും മാത്രമല്ല എല്ലാ മാനസിക ദർശനങ്ങളും ഇവിടെ സമന്വയിക്കുന്നു.

## സഹനവും സമരവും

സഹനത്തെ സമരമാക്കി മാറ്റി എന്നതാണ് ഈ കവിതകളുടെ ദാർശനിക സവിശേഷത. ('കുഴിവെട്ടിമൂടുക വേദനകൾ/കുതികൊൾക ശക്തിയിലേക്കു നമ്മൾ'). സ്വന്തം മുറിവുകളെ പെരുപ്പിച്ചു കാണിക്കുന്നതിലോ ആത്മകേന്ദ്രിതമായ വിലാപഗീതങ്ങൾ എഴുതുന്നതിലോ ഈ കവി വിമുഖത കാണിച്ചു. 'എന്നെ തിരയുന്ന ഞാൻ' അല്ല 'ലോകത്തെ തിരയുന്ന ഞാൻ' ആണ് ഇടശ്ശേരി കവിത. പ്രതിരോധത്തിന്റെയും പ്രബുദ്ധതയുടെയും രൂപമാണ് അതിനെന്നു കാണാം.

വള്ളുവനാടൻ ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട വൈരുധ്യത്തിന്റെ സമന്വയം ഇടശ്ശേരിയിലുണ്ട്. പരുഷതയാൽ ആവൃതമാക്കപ്പെട്ട ആർദ്രതയാണ് ആ കവിത. മണ്ണും ജലവും പോലെ കരയും പുഴയും പോലെ നിശ്ചലതയും ഒഴുക്കും പോലെ വൈരുധ്യങ്ങൾ ഇടകലർന്ന ഒരു കാവ്യശാസ്ത്രം ഇടശ്ശേരിയിൽ പ്രവർത്തിച്ചിരുന്നു. പരുക്കൻ പുറന്തോടിനുള്ളിൽ

സ്നേഹത്തിന്റെ ഇളനീർ ധാര എന്നപോലെ, ഇടശ്ശേരിയിൽ ഇത് സ്വാഭാവികമായിരുന്നു. കടമ്മനിട്ടയെപ്പോലുള്ള കവികൾ പദ്യവും ഗദ്യവും കൂട്ടിക്കലർത്തി കൃത്രിമവും യാന്ത്രികവുമായി നഗര - ഗ്രാമ വൈരുധ്യത്തെ അഭിമുഖീകരിക്കാനാണ് പിന്നീട് ശ്രമിച്ചത് ('ശാന്ത').

'പഴകിയ ചാലുകൾ മാറ്റുക' എന്നും 'വെളിച്ചം തൂകിടുന്നോളം/പൂജാർഹം താനൊരാശയം, അതിരുണ്ടഴൽ ചാറുമ്പോൾ/പൊട്ടിയാട്ടുക താൻ വരം!' എന്നും എഴുതിയ ഇടശ്ശേരിയിൽ രൂപമാതൃകയുടെ ആവർത്തനങ്ങൾ നന്നേ കുറവ്. ഓരോ കവിതയും വൃത്ത സ്വീകരണത്തിൽ, രൂപത്തിൽ, പ്രായത്തിൽ പുതുതാവാൻ ശ്രമിക്കുന്നു. ഒരേ പാറ്റേണിൽതന്നെ എഴുതുന്ന ശീലമോ പഴകിയ ശീലങ്ങളുടെ ബന്ധനമോ ഇടശ്ശേരിക്കുണ്ടായിരുന്നില്ല. ('ഹന്ത പഴകിയ ശീലം പോലൊരു ബന്ധമുണ്ടോ ലോകത്തിൽ' എന്ന് വൈലോപ്പിള്ളി). അതുകൊണ്ട് കേകയുടെയോ കാകളിയുടെയോ അനുഷ്ടുപ്പിന്റെയോ കവിയാകാതെ നാടൻ ശീലുകളിൽനിന്നും കർഷക ഗാനങ്ങളിൽനിന്നും പാകപ്പെടുത്തിയെടുത്ത വൈവിധ്യപൂർണമായ താളബോധത്തിന്റെ കവിയായി ഇടശ്ശേരി നില്ക്കുന്നു.

## കവിത ആത്മമിത്രമല്ല

'ഞാൻ കവി' എന്ന ഭാവം ഈ മനുഷ്യന് തീരെ ഉണ്ടായിരുന്നില്ല. പൊന്നാനിയിലെ സാധാരണക്കാരിൽ സാധാരണക്കാരനായ ഒരളായിട്ടാണ് അദ്ദേഹം ജീവിച്ചത്; അങ്ങനെ അറിയപ്പെടാനാണ് ആഗ്രഹിച്ചത്. 'മുനികുമാരനല്ല, മുഴുവനും മനുഷ്യൻ മുളയിലേ വിളയറിഞ്ഞ വിത്ത്' എന്ന് എം. ഗോവിന്ദൻ (ഇടശ്ശേരി നിനവിൽ വരുമ്പോൾ). പണ്ഡിത വിമർശകനോടുള്ള മറുപടിയിൽ ഇടശ്ശേരി, തന്നെ കരിമ്പുകൃഷിക്കാരനായിട്ടാണ് വിശേഷിപ്പിക്കുന്നത് (പ്രസ്താവന എന്ന കവിത) . 'ആരാധകന്മാരോ സ്നേഹിതന്മാരോ ഇല്ലാത്ത എന്റെ ഇപ്പോഴത്തെ പണിപ്പുരയ്ക്കു നാട്ടുമ്പുറത്തെ കരുവാന്റെ ആല'യോടാണല്ലോ കവി സാദൃശ്യം കണ്ടെത്തുന്നത് ('എന്റെ പണിപ്പുര'എന്ന ലേഖനം.) കവിയെയും കവിതയെയും കുറിച്ച് പ്രചാരത്തിലിരുന്ന അമാനുഷികവും അത്യുക്തി നിറഞ്ഞതുമായ നിർവചനങ്ങൾക്കപ്പുറത്തായിരുന്നു ആ കവിയുടെ പുരയിടം.

'കവികൾ ചണച്ചെടിയായാൽ നന്നോ' എന്ന് ഇടശ്ശേരി ഒരു കവിതയിൽ ചോദിക്കുന്നു. ('പഴകിയ ചാലുകൾ മാറ്റുക') വർണ്ണപ്പകിട്ടുള്ള പൂക്കൾ ചണച്ചെടിയിൽ ധാരാളമുണ്ടാകും. പക്ഷേ, ഒരൊറ്റ പൂവിലും തേനില്ല! കവിയുടെയും കവിതയുടെയും പുറംപകിട്ടിൽ ഇടശ്ശേരി എന്നും ഉദാസീനൻ. ആന്തരികസത്യത്തിന്റെ യാഥാർഥ്യങ്ങളിൽ എപ്പോഴും ഉണർന്നിരിക്കുന്നവൻ.

## ഇടശ്ശേരിയുടെ പിന്മുറക്കാർ

ഇടശ്ശേരിയൻ ദർശനത്തെയും അദ്ദേഹം കവിതയിലൂടെ കാട്ടിത്തന്ന കാവ്യമൂല്യങ്ങളെയും പിൽക്കാല കവികൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോയി? അവരെ എത്രമാത്രം അത് സ്വാധിനിച്ചിട്ടുണ്ട്? സമകാലീന കവിതയുടെയും ആധുനിക കവിതയുടെയും യഥാർത്ഥമായ മൂല്യവിചാരത്തിന് ഈ അന്വേഷണം സഹായിക്കും. എൻ. വി. കൃഷ്ണവാരിയർ, അക്കിത്തം, കക്കാട്, എം. ഗോവിന്ദൻ, അയ്യപ്പപ്പണിക്കർ, മാധവൻ അയ്യപ്പത്ത് തുടങ്ങിയ ആധുനിക കവികൾ ഇടശ്ശേരി കവിത പകരുന്ന വെളിച്ചം ഏറ്റുവാങ്ങി മലയാള കവിതയെ രൂപ - ഭാവ തലങ്ങളിൽ നവീകരിച്ചവരിൽ പ്രമുഖരാണ്. ദാർശനിക തലത്തിൽ അക്കിത്തം ഇടശ്ശേരിയുടെ തണലിൽ നില്ക്കുന്നു. എം. ഗോവിന്ദൻ ഇടശ്ശേരിയുടെ നാടോടി മട്ടിനെ അതിൽ 'ഐറണി' കൂട്ടിച്ചേർത്തുകൊണ്ട് പരിഷ്കരിച്ചു. രൂപമാതൃകകളുടെയും പാറ്റേണുകളുടെയും വൈവിധ്യങ്ങളിൽ അയ്യപ്പപ്പണിക്കർ ഭ്രമിച്ചു - പരീക്ഷണങ്ങളിൽ വിജയിച്ചു.

ഇടശ്ശേരിക്കവിതകളെ മാതൃകയാക്കാതെ അതിനെ എങ്ങനെ കവിതയിലെ ജൈവഘടകമാക്കാം എന്നാണ് ഇന്നത്തെ ഒരു കവി ചിന്തിക്കേണ്ടത്. കെ.ജി. ശങ്കരപ്പിള്ളയുടെയും ആറ്റൂരിന്റെയും സച്ചിദാനന്ദന്റെയും കവിതകളിൽ ഇടശ്ശേരിയുടെ നൈതിക ജാഗ്രതയും മാനവിക ദർശനവും ഇങ്ങനെ ജൈവഘടകമായി വർത്തിക്കുന്നുണ്ട്. ഇടശ്ശേരിക്കവിതയിലെന്നതുപോലെ ഏതനുഭവത്തിന്റെ പിന്നിലും രാഷ്ട്രീയ - സാംസ്കാരിക ധാതു ഇവരുടെ രചനകളിലും കണ്ടെത്താൻ കഴിയും, സാമൂഹികവും ഐതിഹ്യപരവും ചരിത്രപരവുമായ സൂചക ബിംബങ്ങൾ കാവ്യപാഠത്തിന്റെ അർത്ഥപൂർണ്ണമായ ഘടകമായി ഇവരുടെ കവിതകളിലും പ്രത്യക്ഷപ്പെടുന്നു. മാധ്യമ - കമ്പോള നിയന്ത്രിതമായ ഉപരിപ്ലവ കവിതകളുടെ ലോകത്തുനിന്ന് മലയാള കവിതയെ ഇന്ന് മോചിപ്പിക്കുന്നത് ഇവരുടെ രാഷ്ട്രീയ - സാസ്കാരികാധിഷ്ഠിതവും ധൈഷണികവുമായ ഉണർന്നിരിക്കുന്ന വാക്കുകളാണ്. ഒച്ചയും പാട്ടും നിറഞ്ഞ സമാകാലീന

കവിതാന്തരീക്ഷത്തിൽ, 'ശബ്ദാസുരന്റെ നഗരത്തിൽ' മൗനത്തെ കൊത്തി ശില്പമാക്കുന്നപോലെ, ഈ കവികൾ ശബ്ദത്തെ ധ്വനിയാക്കുന്നു; മൗനത്തെ മുഴക്കമാക്കുന്നു. നാഗരികതയുടെയും പരിഷ്കൃതിയുടെയും യാന്ത്രികതയുടെയും ശാസ്ത്രീയതയുടെയും വിനാശമുഖങ്ങളെയും പാരമ്പര്യത്തിന്റെ പ്രതിലോമകരമായ ചതിക്കുഴികളെയും ഈ കവികൾ, ഇടശ്ശേരിയെപ്പോലെ, പുതിയ യാഥാർത്ഥ്യങ്ങളുടെ തിരിച്ചറിവിൽ അഭിമുഖീകരിക്കുന്നു.

## ഭാവുകത്വ മലിനീകരണം കവിതയിൽ

എങ്കിലും ഇന്നത്തെ കവിതാരംഗം മാരകമായ ഒരു ഭാവുകത്വ മലിനീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത് കാണാതിരുന്നുകൂടാ. മാധ്യമസംസ്കാരം, ഉപഭോഗസംസ്കാരം, താരപരിവേഷ സംസ്കാരം, ബാലിശമായ ജനപ്രിയസംസ്കാരം - മലയാള കവിതയെ ഇതെല്ലാം ചേർന്ന് 'ഒരു സമ്പൂർണ്ണ ഉപരിപ്ലവതയി'ലേക്ക് നയിക്കുകയാണ്. ആധുനിക കവിതയിൽ കക്കാടും ഗോവിന്ദനും ആറ്റൂരും വെട്ടിയ വഴികളെല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഉറച്ച അർപ്പണബോധവും ആദർശശുദ്ധിയും ആർക്കും വേണ്ടെന്നായിരിക്കുന്നു. ഇടശ്ശേരിയൻ കാവ്യമൂല്യങ്ങളുടെ മരണകാലമാണിത്. കവിയരങ്ങുകളിലെ പാടി നീട്ടലായി, കാസറ്റുകളിലെ കുളിർകേൾവിയായി, അഭിമുഖങ്ങളിലെ ആത്മസ്തുതിയായി നമ്മുടെ കവികൾ താരപദവിയിലാണ് ഇന്ന്. 'എഴുത്തോ നിന്റെ കഴുത്തോ' എന്ന് എഴുപതുകളിൽ എം. ഗോവിന്ദൻ ('പ്രാർത്ഥന' എന്ന കവിത) ചോദിക്കുകയുണ്ടായി. ആ നീതിബോധവും സ്വാതന്ത്ര്യദാഹവും ഇന്നെത്ര കവികൾക്കുണ്ട്? കക്കാട് 'വഴിവെട്ടുന്നവരോട്' എന്ന കവിതയിൽ മുന്നറിയിപ്പു നല്കിയപോലെ പുതിയ വ്യക്തിപഥം തേടുന്ന സത്യാന്വേഷകരെ പഴമ നിരന്തരം പിന്തിരിപ്പിച്ചുകൊണ്ടിരിക്കുന്നു. 'പകലേ നമ്മൾ വെട്ടിയ നീളം മുഴുവനു/മൊരുവലിയാൽ പുറകോട്ടാക്കാൻ (പിതൃഗമനം - ആറ്റൂർ) കുഴിമാടത്തിൽനിന്ന് ഗതാനുഗതികത്വത്തിന്റെ വക്താക്കൾ എഴുന്നേറ്റു വരുന്നു'. ദൈനംദിന ജീവിതാനുഭവത്തിന്റെ പൊരുൾ തേടാതെ ലോകാന്തരങ്ങളെപ്പറ്റി പാട്ടുപാടിക്കൊണ്ട് ചിലർ ആത്മീയതയിൽ എല്ലാം മറക്കാൻ ശ്രമിക്കുന്നു. അയ്യപ്പപ്പണിക്കർ രണ്ടുവർഷം മുൻപ് 'കാവ്യദർശനത്തിന്റെ വിശുദ്ധി'യെക്കുറിച്ച് സാഹിത്യ അക്കാദമിയുടെ ദേശീയ സെമിനാറിൽ പറയുകയുണ്ടായി. 'പ്രലോഭനങ്ങളുടെ ദിനങ്ങളാണിത്. ഇന്ന് ഇവിടെ പല കവികളുടേയും നിലനില്പ് പരസ്യത്തിലൂടെയാണ്. ബയോഡാറ്റകൾ കൊടുക്കലായിരുന്നു പലരുടേയും മുഖ്യജോലി. എല്ലാം കമ്പോളത്തിന് എന്നതാണ് ഇന്നത്തെ മുദ്രാവാക്യം'. (1995 നവംബർ 10-ന് സാഹിത്യഅക്കാദമിയിൽ അയ്യപ്പപ്പണിക്കർ ചെയ്ത പ്രസംഗത്തിൽ നിന്ന്*) 'ഇരുന്നു പുകയുന്നു നാം/പിഞ്ഞിയ ബയോഡാറ്റയിൽ' എന്ന് കെ. ജി. എസ്. - 'കഥാന്ത്യം.'

## ഇടശ്ശേരിക്കവിത: പുതിയ പാഠശാല.

പ്രത്യയശാസ്ത്രശോഷണവും ബൃഹദ് ആഖ്യാനങ്ങളുടെ തകർച്ചയും ഒരാഘോഷമായി കൊണ്ടുനടക്കുകയും മൂല്യരഹിതമായ ഒരു ജീവിത വ്യവസ്ഥയെ എതിരേല്ക്കുകയും ചെയ്യുന്ന ഉത്തരാധുനികതയുടെ സാംസ്കാരിക പരിസരത്തിൽ നഷ്ടപ്പെട്ട മാനവികതയും മൂല്യബോധവും സംഘബോധവും തിരിച്ചു പിടിക്കുക എന്ന നൈതിക ദൗത്യമാണ് ഇന്ന് ഒരു കവി ഏറ്റെടുക്കേണ്ടത്. ഭാഷയെ നവീകരിച്ചും സ്ഫുടീകരിച്ചും പ്രകാശമാർന്ന വാക്കുകൾ സമൂഹത്തിന്റെ ഇരുൾ വഴികളിൽ വീഴ്ത്താൻ ഇടശ്ശേരിയുടെ ഓർമ സമകാലിക കവികൾക്ക് കരുത്തു പകരട്ടെ. ഇടശ്ശേരിക്കവിതയാകുന്ന പാഠശാലയിൽനിന്ന് നമ്മുടെ കവികൾ പുതിയ പാഠങ്ങൾ പഠിച്ചുതുടങ്ങട്ടെ. ആറ്റൂർ എഴുതിയപോലെ, 'ഇന്നു പഴയ പാഠങ്ങൾ മുടിക്കുക/ ഇന്നു പുതിയ പാഠങ്ങൾ വിതയ്ക്കുക (പുത്തൻ ചൊല്ല്)'

കവിതയിൽ, സാംസ്കാരത്തിൽ ഇത് ഒരു മണൽക്കാലം 'മുട്ടറ്റമേയുള്ളൂ ഭൂതകാലക്കുളിർ' ഇരുളും തിരയുമല്ല, പെരുതായ ഒരഴൽ ഭൂമിയിലാകെ പരന്നിരിക്കുന്നു. കരകാണാതെ പുതുതലമുറക്കാർ നിന്നു പകയ്ക്കുന്നു. വിഷ്ണുനാരായണൻ നമ്പൂതിരി പാടിയപോലെ 'എവിടെ,യെവിടെ ഇടശ്ശേരി' എന്ന് ഉഴറുന്ന കണ്ണുകൾ തേടുകയാണ്.

*".....It is here that the Poet has to go in for publicity coverage in newspapers everyday; biodata in circulation. Very few writers are free from this attraction of name and fame." (The Indian Literary Scene - 95, Kerala Sahitya Akademi publication, page 36.)

മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1997 ഒക്ടോബർ, 12-18